**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **13-12-2022 - ൽ മറുപടിയ്ക്ക്**

**വർക്ക് നിയർ ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വർക്ക് നിയർ ഹോം പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുക മാറ്റിവെച്ചിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (എ) | വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം എന്നീ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഐ.ടി. അധിഷ്ഠിത സൗകര്യങ്ങളുള്ള തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 50 കോടി രൂപ വകയിരുത്തുമെന്നുള്ള 2022-23 ലെ ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പ് വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ '4859-02-004-95-07' എന്ന ശീർഷകത്തിലും പ്ലാനിംഗ് & എക്കണോമിക്സ് (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) ഡിപ്പാർട്ട്മെന്റിന്റെ '3451-00-092-87' എന്ന ശീർഷകത്തിലും ടോക്കൺ വിഹിതങ്ങൾ വകയിരുത്തുകയുണ്ടായി. ഇതിൽ 16.07.2022 ലെ GO(Rt)No.22/2022/P&EA (DVPMT & INNOVATION) ഉത്തരവ് പ്രകാരം പ്ലാനിംഗ് & എക്കണോമിക്സ് (ഡെവലപ്മെന്റ് & ഇന്നൊവേഷൻ) ഡിപ്പാർട്ട്മെന്റിന്റെ ശീർഷകത്തിനു കീഴിൽ 45 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും വർക്ക് നിയർ ഹോം പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ കെ-ഡിസ്ക് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ